# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 379

27.02.2017 — ൽ മറുപടിക്ക്

## റേഷൻ കടകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി. ദിവാകരൻ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കടകൾ നവീകരിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ പ്രീ-പൈലറ്റ് പദ്ധതി, മോഡൽ പൈലറ്റ് പദ്ധതി എന്നിവയുടെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 22 റേഷൻ കടകളിൽ (14 എണ്ണം തിരുവനന്തപുരം ജില്ലയിലും 8 എണ്ണം എറണാകുളം ജില്ലയിലും) ഒരേ നിറത്തിലും മാതൃകയിലുമുള്ള പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, തറ ടൈൽ പാകൽ, നെയിംബോർഡ് സ്ഥാപിക്കൽ, സ്റ്റോക്ക് ബോർഡ് സ്ഥാപിക്കൽ എന്നീ ജോലികൾ ചെയ്ത് നവീകരിച്ചിട്ടുണ്ട്. |
| (ബി) റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിൻറ് സെയിൽ (ഇ-പോസ്) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ബയോമെട്രിക് സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ഇ-പോസ് മെഷീനുകൾ വാങ്ങുന്നതിന്ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for Proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും കമ്പ്യൂട്ടർവത്കരണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) 2017 മധ്യത്തോടെ എല്ലാ റേഷൻ കടകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ